(എഫ്) ജി.എസ്.ടി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അന്തിമഘട്ടത്തിൽ എത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നികുതിഘടനയിൽ ചരക്കുസേവന നികുതി സമ്പ്രദായം നടപ്പിലാക്കിയാൽ ഉണ്ടാകുന്ന മാറ്റങ്ങളെന്തെല്ലാമെന്ന് ഇപ്പോൾ വ്യക്തമാക്കാൻ സാധിക്കുന്നതല്ല.

യൂത്ത് ഹോസ്റ്റലുകൾ

17 (*317) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ ജില്ലകളിലും യൂത്ത് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി ഏതെല്ലാം ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ;

(സി) യൂത്ത് ഹോസ്റ്റലുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന സഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) യൂത്ത് ഹോസ്റ്റലുകളോടനുബന്ധിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് ;

(ഇ) യൂത്ത് ഹോസ്റ്റലുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) :

(എ) തിരുവനന്തപുരത്ത് വെള്ളിയിലും എറണാകുളത്ത് തൃക്കാക്കരയിലും, കോഴിക്കോട് ഈസ്റ്റ് ഹിൽപ്പിലും ഗവൺമെന്റ് യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിഗണനയിലില്ല. ഗവൺമെന്റ് യൂത്ത് ഹോസ്റ്റലുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ്. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ 50 സെന്റ് സ്ഥലം യുവ അതിഥി മന്ദിരം നിർമ്മിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ വക ഭൂമി ഒരു രൂപാ നിരക്കിൽ 99 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ 1.5 & 2 ഏക്കർ കേന്ദ്ര സർക്കാരിന് കൈമാറുമ്പോൾ കേന്ദ്ര സർക്കാർ യൂത്ത് ഹോസ്റ്റൽ നിർമ്മിച്ചു നൽകും. കേന്ദ്ര ഗവൺമെന്റ് ഓരോ സംസ്ഥാന ഗവൺമെന്റിനും 50,000 രൂപ പുതിയ യൂത്ത് ഹോസ്റ്റലിന്റെ പെയിന്റിനായി വർക്കിംഗ് ക്യാപ്പിറ്റലായി അനുവദിക്കുന്നു. ഹോസ്റ്റൽ ഉപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഫർണിച്ചർ എന്നിവ വാങ്ങുന്നതിലേക്കായി 1.6 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ, കോമൺവെൽത്ത് ഗെയിംസിന് അനുബന്ധമായി നടന്ന ക്യൂൻസ് ബാറ്റൺ റിലേയുടെ ഭാഗമായി യൂത്ത് ഹോസ്റ്റൽ നവീകരണത്തിനായി കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം ചെയ്ത 20 ലക്ഷം രൂപയിൽ 5 ലക്ഷം രൂപയും യൂത്ത് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ലഭിച്ചിട്ടുണ്ട്.

(ഡി) വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്തുവരുന്ന യുവതീ യുവാക്കൾക്ക് യൂത്ത് ഹോസ്റ്റലുകളിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡോർമെട്രികളും ബെഡ് റൂമുകളും, യൂത്ത് ഹോസ്റ്റലുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് മിനി കോൺഫറൻസ് ഹാളും സജ്ജീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

പബ്ലിക് സർവ്വീസ് കമ്മീഷനിലെ എൻക്വയറി വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി

18 (*318) ശ്രീ. പി. വിശ്വൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ളിക് സർവ്വീസ് കമ്മീഷനിലെ എൻക്വയറി വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എൻക്വയറി വിഭാഗത്തിൽ നിന്ന് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത് ;

(സി) എം-ഗവേർണൻസിലൂടെ രജിസ്റ്റർ ചെയ്യുന്നവർക്ക് മൊബൈൽ അലർട്ട് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) പി.എസ്.സി. വെബ്. സൈറ്റിലൂടെ ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം വിവരങ്ങൾ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ) പി.എസ്.സി. എൻക്വയറി വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾക്ക് കൃത്യവും സമ്പൂർണ്ണവുമായ വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സേവനം നൽകിവരുന്നു. ഐ. ടി. മിഷനുമായി സഹകരിച്ചുള്ള ഒരു കോൾ സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആധുനിക സൗകര്യത്തോടുകൂടി ഒരു കോൾ സെന്റർ സംവിധാനം ആസ്ഥാന ഓഫീസിൽ ഏർപ്പെടുത്തുന്നതിനും ആസ്ഥാന ഓഫീസിൽ എൻക്വയറി വിഭാഗത്തിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly